**പതിനാലാം കേരള നിയമസഭ**

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.**408** **29.11.2018**-ലെ മറുപടിക്ക്

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

**പ്രളയാനന്തരം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി**

| | | |
|---|---|---|
| (എ) | പ്രളയാനന്തരമുള്ള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുമോ; | അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം (2018-19) സെപ്റ്റംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 23,057.13 കോടി രൂപയും, ആകെ റവന്യൂ വരുമാനം 40,009.47 കോടി രൂപയുമാണ്. ഈ ഇനങ്ങളിൽ മുൻ വർഷത്തെ അപേക്ഷിച്ച് യഥാക്രമം 11.03%, 17.62% വർദ്ധനവ് കൈവരിച്ചിട്ടുണ്ട്. ആകെ ചെലവിൽ 9.05% ന്റെ വളർച്ചയുണ്ടായിട്ടുണ്ട്. അതേ സമയം റവന്യൂ കമ്മിയിലും ധന കമ്മിയിലും യഥാക്രമം 9.97%, 6.07% കുറവ് വരുത്തുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ, പ്രളയം സമ്പദ്ഘടനയിലുണ്ടാക്കിയ ആഘാതം വരും മാസങ്ങളിലെ കണക്കുകളിൽ മാത്രമേ പ്രതിഫലിക്കൂ. |
| (ബി) | സംസ്ഥാനം ഇപ്പോൾ കടക്കെണിയിലാണോ; പ്രളയാനന്തരം നവകേരള നിർമ്മിതിക്കായി ഏതെല്ലാം ഏജൻസികളിൽ നിന്നും സർക്കാർ കടമെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | അല്ല. പ്രളയാനന്തരം സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിന് ആവശ്യമായ വിഭവ സമാഹരണം സംബന്ധിച്ച ചർച്ചകൾ അവസാന ഘട്ടത്തിലാണ്. ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ട ശേഷമേ ഏതെല്ലാം ഏജൻസികളിൽ നിന്നാണ് കടമെടുക്കുന്നത് എന്ന കാര്യത്തിൽ വ്യക്തത കൈവരികയുള്ളൂ. |
| (സി) | ദൈനംദിന ചെലവുകൾ നിർവ്വഹിക്കുന്നതിനും മറ്റ് വികസന കാര്യങ്ങൾക്ക് ഫണ്ട് ഉപയോഗിക്കുന്നതിനും നിയന്ത്രണമുണ്ടോ; | ശമ്പളം, പെൻഷൻ തുടങ്ങിയ ദൈനംദിന ചെലവുകൾക്ക് നിയന്ത്രണങ്ങളൊന്നുമില്ല. ഒരു കോടി രൂപ വരെയുള്ള പദ്ധതി-പദ്ധതിയേതര ചെലവുകളുടെ ബില്ലുകൾക്കും നിയന്ത്രണങ്ങൾ ബാധകമല്ല. |
| (ഡി) | ഇല്ലെങ്കിൽ ആവശ്യമായ ഫണ്ടുകൾ എല്ലാ വകുപ്പിനും നൽകുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**